# കേരള സർവകലാശാല

നം. പി.ആർ.272/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## റിസർച്ച് പോർട്ടലിൽ തിരുത്തലുകൾ ഇല്ല എന്ന് ഉറപ്പ് വരുത്തുക

കേരള സർവകലാശാലയുടെ കീഴിലുള്ള എല്ലാ പഠന വകുപ്പ് തലവൻമാരും, സർവീസിൽ തുടരുന്ന എല്ലാ ഗവേഷണ മാർഗനിർദേശകരും (www.research.keralauniversity.ac.in) വെബ്സൈറ്റിൽ റിസർച്ച് പോർട്ടലിലെ downloads-ൽ ലഭ്യമാക്കിയിട്ടുള്ള തങ്ങളുടെ കീഴിലുള്ള ഗവേഷണ വിദ്യാർത്ഥികളുടെയും, നിലവിലുള്ള ഒഴിവുകളുടെയും എണ്ണം ശരിയാണെന്ന് നിർബന്ധമായും ഉറപ്പ് വരുത്തണമെന്ന് അറിയിക്കുന്നു. തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ ഉള്ളപക്ഷം researchjan2018@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്. ജനുവരി 2018-ലെ പി.എച്ച്.ഡി രജിസ്ട്രേഷൻ മേൽപ്പറഞ്ഞ ഒഴിവുകളെ അടിസ്ഥാനപ്പെടുത്തി മാത്രമായിരിക്കും പരിഗണിക്കുക. പിന്നീട് ചൂണ്ടിക്കാട്ടുന്ന ഒഴിവുകളിലേക്കുള്ള രജിസ്ട്രേഷൻ തുടർന്ന് വരുന്ന സെഷനിൽ മാത്രമേ പരിഗണിക്കുകയുള്ളു.

## ക്ലാസ്സുകൾ മാറ്റി

കേരള സർവകലാശാലയുടെ വദൂരവിദ്യാഭ്യാസ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 16, 17 തീയതികളിൽ സർവകലാശാല ആസ്ഥാനത്തും കാര്യവട്ടം ക്യാമ്പസിലും നടത്താനിരുന്ന സമ്പർക്ക ക്ലാസ്സുകൾ 30, 31 തീയതികളിലേക്ക് മാറ്റിവച്ചിരിക്കുന്നു. കൊല്ലം, ആലപ്പുഴ കേന്ദ്രങ്ങളിലെ ക്ലാസ്സുകൾക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല.

## ബി.എ ഫലം

കേരള സർവകലാശാല മെയ് മാസം നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ പരീക്ഷയുടെ ഫലം (എഫ്.ഡി.പി - സി.ബി.സി.എസ്- സപ്ലിമെന്ററി പരീക്ഷ - 2011, 2012 അഡ്മിഷൻ, മേഴ്സിചാൻസ് 2010 അഡ്മിഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ജനുവരി ആറ് വരെ ഓൺലൈനായി അപേക്ഷിക്കാം.

## എം.ടെക് ഫലം

കേരള സർവകലാശാല നവംബറിൽ നടത്തിയ എം.ടെക് കംമ്പ്യൂട്ടർ സയൻസ് സ്പെഷ്യലൈസേഷൻ ഇൻ ഡിജിറ്റൽ ഇമേജ് കമ്പ്യൂട്ടിങ് (2015-2017 സി.എസ്.എസ്, കാര്യവട്ടം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

## എം.സി.എ പരീക്ഷാഫലം

കേരള സർവകലാശാല മെയ് മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.സി.എ പരീക്ഷാഫലം (2015 സ്കീം റഗുലർ, 2011 സ്കീം സപ്ലിമെന്ററി & 2006 സ്കീം മേഴ്സിചാൻസ്) വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും

.

## തീയതി നീട്ടി

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തിയ ആറാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സര എൽ.എൽ.ബി) പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ 20 വരെ നീട്ടി.

തിരുവനന്തപുരം.
15.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098